പ്രത്യേക പദ്ധതിക്ക് രൂപംനൽകുകയുമുണ്ടായി. ഇതനുസരിച്ച് എല്ലാ പട്ടികവർഗ്ഗ പ്രദേശങ്ങളിലും ഊരുകൂട്ടങ്ങൾ രൂപീകരിക്കുകയും, ഇവർക്ക് ക്ഷേമപദ്ധതികളെ സംബന്ധിച്ച് പരിശീലനവും, ബോധവൽക്കരണവും നൽകുന്നതിന് ജില്ലാതലത്തിലും, സംസ്ഥാനതലത്തിലും വിവിധ പരിപാടികൾ നടപ്പാക്കുകയുമുണ്ടായി. (തൃശ്ശൂർ 'കില', കോഴിക്കോട് 'കിർത്താഡ്സ്' എന്നിവ മുഖേന). കൂടാതെ ഇടത്തട്ടുകാരുടെ ചൂഷണം തടയുന്നതിനും വീട്, കുടിവെള്ളം എന്നിവ ഗുണഭോക്താക്കളുടെ സഹകരണത്തോടുകൂടി നടപ്പാക്കുന്നതിനും പ്രാപ്തരാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. (വയനാട് ഗിരിധാരാ പദ്ധതി, ഭവനനിർമ്മാണം മുതലായവ). ആദിവാസികളുടെ ഇടയിൽ മിതവ്യയം ശീലിപ്പിക്കുന്നതിന് ദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി പട്ടികവർഗ്ഗ കുടുംബശ്രീ യൂണിറ്റുകൾ രൂപീകരിക്കുന്നതിനും, ശാക്തീകരിക്കുന്നതിനും ഒരു പ്രത്യേകപദ്ധതിതന്നെ ആവിഷ്കരിക്കുകയും, ഇതിന്റെ നിർവ്വഹണചുമതല കുടുംബശ്രീമിഷനെ ഏൽപ്പിക്കുകയുമുണ്ടായി.

(ഡി) ഉണ്ട്.

(ഇ) പട്ടികവർഗ്ഗ വികസനത്തിന്റെ ഭാഗമായി ആവിഷ്കരിച്ചു നടപ്പാക്കുന്ന പദ്ധതികൾ എല്ലാംതന്നെ ആദിവാസികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് ലക്ഷ്യമിട്ടിട്ടുള്ളതാണ്. ഇവയിൽ പ്രധാനപ്പെട്ടവയാണ് പട്ടികവർഗ്ഗ കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിനുള്ള മോഡൽ റസിഡൻഷ്യൽ/ ആശ്രമം സ്കൂളുകൾ, പ്രീ മെട്രിക് ഹോസ്റ്റലുകളുടെ പ്രവർത്തനം, വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രത്യേക പരിപാടികൾ, ആരോഗ്യക്ഷേമ പരിപാടികൾ, പട്ടികവർഗ്ഗ കോളനികളുടെ വികസനത്തിനായി ഏറ്റെടുത്തു നടപ്പാക്കുന്ന റോഡ്, വൈദ്യുതി, കുടിവെള്ളം, സാംസ്കാരിക നിലയങ്ങൾ, സ്ഥിരവരുമാനം ലഭിക്കുന്നതിലേക്ക് കൃഷി അടിസ്ഥാനമായുള്ള പദ്ധതികൾ, ഭൂരഹിതർക്ക് ഭൂമിയും അടിസ്ഥാന സൗകര്യങ്ങളും ജീവനോപാധികളും ഏർപ്പെടുത്തൽ, പാരമ്പര്യ തൊഴിലുകളിലും, നൂതന സാങ്കേതിക തൊഴിലുകളിലുമുള്ള പരിശീലന പരിപാടികൾ എന്നിവ.

സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ മെരിറ്റ് ലിസ്റ്റിലുള്ള വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് ഫീസ്

*9 [431] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:*

„ മത്തായി ചാക്കോ:

„ എം. വി. ജയരാജൻ:

ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിലുള്ള സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനങ്ങളിലും സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ നടത്തുന്ന സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനങ്ങളിലും മെരിറ്റ് കാട്ടയിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികളിൽനിന്ന്

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ കോളേജുകളിലെ നിരക്കിലുള്ള ഫീസ് ഈടാക്കിയാൽ മതി എന്ന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന് ആവശ്യമായ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) 2003-2004 അക്കാദമിക് വർഷം മെരിറ്റ് കോട്ടയിൽ പ്രവേശനം നേടിയ ഇത്തരം സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളിൽനിന്ന് ഗവൺമെന്റ് കോളേജുകളിലെ നിരക്കിലുള്ള ഫീസ് ഈടാക്കിയാൽ മതി എന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ;

(സി) 2003-2004 വർഷത്തിൽ പ്രവേശനം നേടിയ മെരിറ്റ് വിദ്യാർത്ഥികളിൽ നിന്ന് ഉയർന്നനിരക്കിലുള്ള ഫീസ് ഈടാക്കിയിട്ടുള്ളത് ഈ വിദ്യാർത്ഥികൾക്ക് തിരികെ നൽകാൻ നിർദ്ദേശം നൽകുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):*

(എ) 1-7-2005-ലെ സർക്കാർ ഉത്തരവ് ജി.ഒ. (എംഎസ്.) 93/2005/ഉവിവ പ്രകാരം സർക്കാർ നിയന്ത്രണത്തിലുള്ള ഐ.എച്ച്.ആർ.ഡി., എൽ.ബി.എസ്. കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരള, ശ്രീ ചിത്തിര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം എന്നീ കോളേജുകളിൽ ബി.ടെക്കിന് മെരിറ്റ് സീറ്റിൽ 2005-2006 അദ്ധ്യയന വർഷത്തിൽ പ്രവേശനംലഭിച്ച കുട്ടികൾക്ക് കുടുംബ വരുമാനം നോക്കാതെ സർക്കാർ ഫീസ് നൽകിയാൽ മതിയാകുമെന്ന് ഉത്തരവായിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്).† പരിയാരം മെഡിക്കൽ കോളേജിന്റെയും, സഹകരണ അക്കാഡമിയുടെയുംകീഴിലുള്ള സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനങ്ങളിൽ 2004-2005, 2005-2006 വർഷങ്ങളിൽ ഗവൺമെന്റ് കോട്ടയിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികളിൽനിന്നും സർക്കാർ കോളേജിലെ ഫീസ് ഈടാക്കിയാൽ മതിയെന്ന് തീരുമാനിച്ചിട്ടുണ്ട്.

(ബി) & (സി) ഇല്ല. സർക്കാരിന്റെ ഇപ്പോഴത്തെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് ഇക്കാര്യം അനുവദിക്കാൻ നിവൃത്തിയില്ല.

എൻട്രൻസ് പരീക്ഷ

*10 [432] *ശ്രീ. ടി. എൻ. പ്രതാപൻ:*

പ്രൊഫ. കെ. വി. തോമസ്:

ശ്രീ. എം. മുരളി:

,, എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട്ടിൽ പ്രൊഫഷണൽ കോളേജ് പ്രവേശനത്തിന് എൻട്രൻസ് പരീക്ഷ നിർത്തലാക്കാനും +2 പരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിൽ

---

†അനുബന്ധം I കാണുക.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[3-8-2005-ലെ ചോദ്യം നമ്പർ *9 (431)-ന്റെ ഉത്തരം ദയവായി കാണുക]

GOVERNMENT OF KERALA

Abstract

HIGHER EDUCATION —TECHNICAL—SEATS IN GOVT QUOTA IN THE SELF FINANCING COLLEGES OWNED BY THE IHRD, LBS CENTRE FOR SCIENCE AND TECHNOLOGY, CENTRE FOR CONTINUING EDUCATION, KERALA AND SREE CHITHIRA THIRUNAL COLLEGE OF ENGINEERING—FEE FOR THE YEAR 2005-2006—FIXED—MODIFIED—ORDERS ISSUED

HIGHER EDUCATION (G) DEPARTMENT

G. O.(Ms.) No. 93/05/H.Edn. Dated, Thiruvananthapuram 11th July 2005.

Read:—1. G. O. (Ms.) No. 116/2004/H.Edn., dated, 15-9-2004.

2. Judgement dated, 13-5-2005 in I.A. No. 2 in WA (Civil) No. 349 of 2004 of the Hon. Supreme Court of India.

ORDER

In the Government order read above, it was ordered that the students from the families of Kerala origin and residing in Kerala with income below Rs.1 lakh (Rupees One Lakh only), admitted in the Government quota in the Self financing Engineering Colleges owned by the Institute of Human Resourses Development, LBS Centre for Science and Technology, Centre for Continuing Education (Kerala) and the Sree Chithira Thirunal College of Engineering need pay only the fee applicable to Government Colleges.

Now the Government are pleased to order that all the students from the families of Kerala origin and residing in Kerala, admitted in the Government quota in the above mentioned Colleges in the First year B.Tech Course in the academic year 2005-2006 need pay only the fee applicable to Government Colleges, irrespective of their family income.

The Government Order read above is modified to this extent.

By Order of the Governor

M. SAPHIA BEEVI,
Additional Secretary to Government.

LIBRARY ARCHIVES Kerala Legislative Assembly